## പതിമൂന്നാം കേരള നിയമസഭ

പതിന്നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5243 — 27.7.2015 ൽ മറുപടിക്ക്

## ഉപയോഗ യോഗ്യമല്ലാത്ത കെട്ടിടങ്ങളിലെ വില്ലേജ് ഓഫീസുകൾ

| ചോദ്യം<br>ശ്രീ. ആർ. രാജേഷ് | ഉത്തരം<br>അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
|---|---|
| (എ) മാവേലിക്കര താലൂക്കിൽ ഉപയോഗയോഗ്യമല്ലാത്ത കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന വില്ലേജ് ഓഫീസുകൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ: പ്രസ്തുത വില്ലേജ് ഓഫീസുകൾക്ക് സൗകര്യപ്രദമായ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ: | (എ) വള്ളിക്കുന്നം വില്ലേജ്. പ്രസ്തുത വില്ലേജ് ഓഫീസിന് സൗകര്യപ്രദമായ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) വള്ളിക്കുന്നം വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (ബി) & (സി) ഉണ്ട്. പ്രസ്തുത വില്ലേജ് ഓഫീസിന് സൗകര്യപ്രദമായ കെട്ടിടം, മാവേലിക്കര താലൂക്കാഫീസിലെ ശുചിമുറി എന്നിവ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) മാവേലിക്കര താലൂക്ക് ഓഫീസിലെ ശുചിമുറി ഉപയോഗ യോഗ്യമല്ല എന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ ശുചിമുറി നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ